# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3225 24/02/2016-ൽ മറുപടിയ്ക്ക്**

## ഓലക്കീൽക്കടവ് പാലം

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ ഓലക്കീൽക്കടവ് പാലം നിർമ്മിക്കുന്നതിന്സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>ബി) പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അനുമതിയ്ക്കായി 10/7/2013-ന് സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല.11/7/2014-ലെ സബ് മിഷന് മറുപടിയായി ബഹു.മന്ത്രി പ്രസ്തുത എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകാമെന്ന് പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | എ) യും ബി) യും കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കീൽ കടവിൽ പാലം പണിയുന്നതിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം കിട്ടിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ചെലവ് RIDF ശീർഷകത്തിൽ വഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഈ ചെലവ് ഉചിതമായ മറ്റ് ശീർഷകത്തിൽ (non-plan) നിന്നും കണ്ടെത്തുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്. |

**സെക്ഷൻ ആഫീസർ**